05/04/2025

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/04/2025

1. ആന്ധ്രാ മോഡൽ പ്രകൃതി കൃഷി പഠിക്കാൻ കൃഷിവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ കാർഷിക വിദഗ്ദ്ധരുടെ സംഘം സന്ദർശനം നടത്തി. പ്രകൃതി കൃഷി രീതികൾ പഠിക്കുന്നതിലൂടെ കൃഷി വകുപ്പ് നടത്തുന്ന ജൈവ കാർഷിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ദിശാബോധം നൽകുന്നതിന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദിന്റെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള കാർഷികോദ്യോഗസ്ഥർ അടങ്ങിയ വിദഗ്ദ്ധ സംഘം ആന്ധ്രപ്രദേശിലെ എൻ.ടി.ആർ. ജില്ലയിൽ സന്ദർശനം നടത്തി. കേരളത്തിൽ ജൈവ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി രൂപീകരിച്ച ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ വിജയകരമാക്കുകയും, കൃഷി വകുപ്പ് ഫാമുകളിൽ പ്രകൃതി കൃഷി രീതികൾ നടപ്പിലാക്കി സുസ്ഥിര കാർഷിക വികസനം സാധ്യമാക്കുകയുമാണ് സന്ദർശനത്തിന്റെ ലക്ഷ്യം.

2. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ "ഹാച്ചറി സൂപ്പർവൈസർ-കം-ടെക്ക്നിഷ്യൻ" തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായി ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിഞ്ജാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

3. സംസ്ഥാനത്ത് കന്നുകാലി സെൻസസ് ഏപ്രിൽ 15 വരെ നീട്ടി. ഒക്ടോബർ 25 ന് തുടങ്ങിയ വിവരശേഖരണം മാർച്ച് 31നു പൂർത്തിയാക്കാനായിരുന്നു പദ്ധതിയെങ്കിലും ഇടുക്കി, തൃശൂർ, വയനാട് ജില്ലകളിൽ മാത്രമാണ് പൂർത്തിയായത്. 1.6 കോടി വീടുകളിലും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സ്ഥാപനങ്ങളിലും എത്തി വിവര ശേഖരണം നടത്താൻ 3500 കുടുംബശ്രീ പശുസഖി എന്യൂമറേറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. റബ്ബർബോർഡിൽ ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് (പോസ്റ്റ് കോഡ് നമ്പർ 2025-01-01) നിയമനത്തിനായി അപേക്ഷിച്ചവർക്കുള്ള പരീക്ഷ 2025 ഏപ്രിൽ 6 ഞായറാഴ്ച നടക്കും. പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള ഹാൾ ടിക്കറ്റ് റബ്ബർബോർഡിന്റെ റിക്രൂട്ട്മെന്റ് പോർട്ടലിൽ നിന്ന് ഏപ്രിൽ ഒന്നു മുതൽ ഡൗൺലോഡ് ചെയ്യാം. ഇതു സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകമായി അറിയിപ്പുകളൊന്നും അയയ്ക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ റിക്രൂട്ട്മെന്റ് പോർട്ടൽ (recruitments.rubberboard.org.in) സന്ദർശിക്കുക.

## പരിശീലന പരിപാടി

5. കേരള കാർഷിക സർവകലാശാലയുടെ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സായ വിള സുസ്ഥിരതയ്ക്കായുള്ള ജൈവീക ഇടപെടലുകൾ (Organic Interventions for Crop Sustainability) യുടെ മൂന്നാമത്തെ ബാച്ചിലേക്ക് 2025ഏപ്രിൽ 10 വരെ അപേക്ഷിക്കാവുന്നതാണ് . പ്ലസ്ടു / തത്തുല്യ യോഗ്യതയുള്ളവർക്ക് https://docs.google.com/ വഴി 100 രൂപ അടച്ചു രെജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. അപ്ലിക്കേഷൻ ഫോം ലിങ്ക് കിട്ടുമ്പോൾ മാത്രം കോഴ്സ് ഫീസ് (4000 രൂപ) അടച്ചു ആവശ്യമുള്ള രേഖകൾ അപ്ലോഡ് ചെയ്യുക. മൂന്നാമത്തെ ബാച്ച് 30 പേർ റജിസ്റ്റർ ചെയ്താലുടൻ ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2371104 എന്ന ഫോൺ നമ്പറിലോ www.kau.in, www.ctl.kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദ്ദേശം**

6. തക്കാളി, വഴുതന, മുളക് മുതലായ വിളകളിൽ ബാക്ടീരിയൽ വാട്ടരോഗം കാണാറുണ്ട്. പുളി രസം കൂടുതലുള്ള മണ്ണിൽ ഈ രോഗം ഉണ്ടാകുന്നതിനുള്ള സാദ്ധ്യത കൂടുതലായിരിക്കും. അത്തരം മണ്ണിൽ നിലം ഒരുക്കുമ്പോൾ തന്നെ ഒരു സെന്റിന് രണ്ടര കിലോഗ്രാം കുമ്മായം ചേർക്കണം. രോഗസാദ്ധ്യത കുറയ്ക്കുന്നതിനോടൊപ്പം പോഷകമൂലകങ്ങളുടെ ആഗിരണം വർദ്ധിപ്പിക്കുന്നതിനും കുമ്മായ പ്രയോഗത്തിലൂടെ സാധിക്കും. രോഗം ബാധിച്ച് വാടി നിൽക്കുന്ന ചെടികൾ അപ്പോൾ തന്നെ വേരോടെ പിഴുത് നശിപ്പിക്കണം. രോഗപ്രതിരോധ ശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്യുകയാണ് രോഗം ചെറുക്കുന്നതിനുള്ള മറ്റൊരു പോംവഴി. ശക്തി, മുക്തി, അനഘ എന്നി തക്കാളി ഇനങ്ങളും നീലിമ, ഹരിത, ശ്വേത എന്നി വഴുതിനയിനങ്ങളും ഉജ്ജ്വല, അനുഗ്രഹ എന്നീ മുളകിനങ്ങളും ഈ രോഗത്തെ പ്രതിരോധിക്കാൻ ശേഷിയുള്ളവയാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം